പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4747. 26.10.2016 ന് മറുപടിയ്ക്ക്

## പാൻമസാലയുടെയും സിഗരറ്റിന്റെയും കച്ചവടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പാൻമസാലയും സിഗരറ്റും കച്ചവടം ചെയ്യുന്നത് നിയമവിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | പാൻമസാല കേരളത്തിൽ നിരോധിച്ചിട്ടുള്ളതാണ്. എന്നാൽ സിഗരറ്റ് കച്ചവടം ചെയ്യുന്നത് നിയമ വിധേയമാണ്. എന്നാൽ സ്കൂളുകളുടെ 100 വാര ചുറ്റളവിനുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല. കൂടാതെ 18 വയസ്സിന് താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുവാനും പാടുള്ളതല്ല. |
| (ബി) | പാൻമസാലയും സിഗരറ്റും കച്ചവടം ചെയ്യുന്ന എല്ലാ കട ഉടമകൾക്കെതിരെയും കേസ് എടുക്കാൻ നിയമ പരമായ സാധ്യതയുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പാൻമസാല കച്ചവടം ചെയ്യുന്ന കടയുടമകൾക്കെതിരെ കേസ്സ് എടുക്കാവുന്നതാണ്. കോട്പ ആക്ട് പ്രകാരമാണ് ഇത്തരം വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ കേസ് എടുത്ത് വരുന്നത്. |
| (സി) | സിഗരറ്റ് കടകളിൽ കച്ചവടത്തിനായി സൂക്ഷിക്കാമെങ്കിൽ പരമാവധി അനുവദിച്ചിട്ടുള്ള എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (സി) | കച്ചവടത്തിനായി സൂക്ഷിക്കാവുന്ന എണ്ണത്തിന് പരിമിതി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | പാൻമസാല കച്ചവടം ചെയ്യുന്നതും ഉപയോഗിക്കുന്നതും നിയമവിരുദ്ധമാണെങ്കിൽ അത് കേരളത്തിൽ എത്തിക്കുന്ന വഴികൾ അടയ്ക്കുന്നതിനും എത്തിക്കുന്നവർക്കെതിരെയും നടപടികൾ സ്വീകരിക്കാമോ; | (ഡി) | സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br>കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. മദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) | സ്കൂളുകളുടെ എത്ര കിലോമീറ്റർ പരിധിക്കുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല എന്ന് വ്യക്തമാക്കാമോ? | (ഇ) | സ്കൂളുകളുടെ 100 വാര ചുറ്റളവിനുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല. |

**സെക്ഷൻ ഓഫീസർ**